I/525644/2023

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,

തിരുവനന്തപുരം

നമ്പർ: DT/4797/2023-G1 തീയതി: 20-10-2023

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- പരീക്ഷവിഭാഗം-2018 ൽ പ്രവേശനം നേടിയ സർവേയർ ട്രേഡ് (രണ്ടു വർഷം) ട്രെയിനികളുടെ മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവ MIS പോർട്ടലിൽ ലഭ്യമാണെന്ന വിവരം അറിയിക്കുന്നത്-സംബന്ധിച്ച്

സൂചന:- ട്രേഡ് ടെസ്റ്റ് ഓഫീസറുടെ 18/10/2023 ലെ നോട്ട്.

2018 ൽ സർവേയർ രണ്ടു വർഷ ട്രേഡിൽ പ്രവേശനം നേടി അഖിലേന്ത്യ ട്രേഡ് ടെസ്റ്റ് പാസായ ട്രെയിനികൾക്ക് NCVT MIS പോർട്ടലിൽ രണ്ടാം വർഷം, consolidated മാർക്ക് ഷീറ്റ് എന്നിവ DGT യുടെ ഭാഗത്ത് നിന്നും ലഭ്യമാകാത്തതിനാൽ ഡയറക്ടറേറ്റിൽ നിന്നും രണ്ടാം വർഷ മാർക്ക് ഷീറ്റ്, PNTC എന്നിവ തയ്യാറാക്കി നൽകിയിരുന്നു. നിലവിൽ MIS പോർട്ടലിൽ മാർക്ക് ഷീറ്റ്, eNTC എന്നിവ ലഭ്യമാണെന്നുള്ള വിവരം എല്ലാ ട്രെയിനികളെയും അറിയിക്കുന്നതിനുള്ള നടപടികൾ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ഈ കാര്യാലയത്തിൽ നിന്നും ട്രെയിനികൾക്ക് നൽകിയ രണ്ടാം വർഷ മാർക്ക് ലിസ്റ്റ്, PNTC എന്നിവ ട്രെയിനികൾ തിരികെ അതാത് ഐ റ്റി ഐ കളിൽ ഏല്പിക്കാനും നിർദേശം നൽകേണ്ടതാണ്. ഇത്തരത്തിൽ ട്രെയിനികളിൽ നിന്നും തിരികെ കൈപ്പറ്റുന്ന മാർക്ക് ലിസ്റ്റ്, PNTC എന്നിവ എല്ലാം ഒരുമിച്ച് ശേഖരിച്ച ശേഷം പ്രത്യേക ദൂതൻ വഴി ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

ടി മാർക്ക് ഷീറ്റ്, PNTC എന്നിവ ഇനി ട്രെയിനികൾ ഒരാവശ്യത്തിനും ഉപയോഗിക്കരുതെന്നും, DGT MIS പോർട്ടലിൽ നിന്നും ലഭിക്കുന്ന മാർക്ക് ഷീറ്റ്, eNTC

I/525644/2023

എന്നിവയാണ് ഇനി ജോലി സംബന്ധമായ കാര്യങ്ങൾക്ക് ഉപയോഗിക്കേണ്ടതെന്നുമുള്ള വിവരം ട്രെയിനികളെ അറിയിച്ചിരിക്കണം എന്നുള്ള കാര്യം കൂടി ശ്രദ്ധയിൽ പ്പെടുത്തുന്നു.

Sd/-

ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ബന്ധപ്പെട്ട ഐ റ്റി ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ് :- എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും

// അംഗീകാരത്തോടെ //

സെക്ഷൻ ഓഫീസർ